# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1460          06.03.2017 ൽ മറുപടിയ്ക്ക്**

## ജൈവ പച്ചക്കറി കൃഷി

**ചോദ്യം**
**ശ്രീ.ഇ.കെ.വിജയൻ**

**മറുപടി**
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) ജൈവ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

എ) പച്ചക്കറി കൃഷി വികസനത്തിനായി നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി ജൈവ കൃഷിക്ക് ഊന്നൽ നൽകിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹനം,അർബൻ ക്ലസ്റ്റർ പ്രോത്സാഹനം,വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, ,പ്രോജക്ടാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, ജില്ലാ ക്ലസ്റ്റർ വികസനം,തരിശു നില കൃഷി ,മാധ്യമങ്ങൾ വഴി വിത്ത് വിതരണം, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ധനസഹായം,എൻ.ജി.ഒകൾ മുഖേന വിത്ത് വിതരണം,എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം,സൂക്ഷ്മ മൂലകങ്ങളുപയോഗിച്ചുള്ള പ്രദർശനത്തോട്ടം, കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം, ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾ, സൂക്ഷമജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗത്തിനും ധനസഹായം, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്റ്റ്, വി.എഫ്.പി.സി.കെ മുഖാന്തിരം പച്ചക്കറി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.തെരഞ്ഞെടുത്ത പച്ചക്കറി ക്ലസ്റ്ററുകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയ്ക്ക് GAP(Good Agricultural Practices) അല്ലെങ്കിൽ PGS (Participatory Guarantee System) സർട്ടിഫിക്കറ്റ് ഉറപ്പാക്കി ഈ വരുന്ന വിഷുക്കാലത്ത്,

'കേരള ഓർഗാനിക്' എന്ന ബ്രാന്റ് നാമത്തിൽ വിപണനം നടത്തും, കൂടാതെ വി.എഫ്.പി.സി.കെ മുഖേന 'തളിർ' എന്ന ബ്രാന്റ് നാമത്തിൽ ജൈവപച്ചക്കറി ഉത്പാദനത്തിനും വിപണനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്

ബി) ഹൈടെക് പോളിഹൗസിന് നിലവിൽ നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ വിശദമാക്കാമോ;

ബി) 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം സമതല പ്രദേശങ്ങളിലും ഇടുക്കി, വയനാട് ജില്ലകൾ ഉൾപ്പെടുന്ന മലയോര പ്രദേശങ്ങളിലും വ്യത്യസ്തമായ നിരക്കുകളിൽ ധനസഹായം നൽകുന്നു. സമതല പ്രദേശങ്ങളിൽ 400 – 500 ച.മീ, 501 – 1008 ച.മീ, 1009 – 2080 ച.മീ, 2081 – 4000 ച.മീ എന്നീ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1060 രൂപ , 935 രൂപ, 890 രൂപ, 844 രൂപ എന്ന നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 60% ധനസഹായവും മലയോരപ്രദേശങ്ങളിൽ 400 – 500 ച.മീ, 501 – 1008 ച.മീ, 1009 – 2080 ച.മീ, 2081 – 4000 ച.മീ എന്നീ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1219 രൂപ , 1075.25 രൂപ, 1023.50 രൂപ, 970 രൂപ എന്ന നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 60% ധനസഹായവും നൽകി വരുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തി പോളീഹൗസുകളുടെ അറ്റകുറ്റ പണികൾക്കും മെച്ചപ്പെട്ട കൃഷി സൗകര്യം, കൃഷി രീതികൾ ഒരുക്കുന്നതിനുമായി 80 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു

| | ഘടകം | പദ്ധതി ചെലവ് (രൂപ/ച. മീറ്റർ) | ധനസഹായം (50%) (രൂപ/ച. മീറ്റർ) | ഭൗതിക ലക്ഷ്യം (ച. മീറ്റർ | സാമ്പത്തിക ലക്ഷ്യം (ലക്ഷം രൂപ) |
|---|---|---|---|---|---|
| 1 | പോളീഹൗസിലെ പോളിത്തീൻ റൂഫ് ഷീറ്റ് മാറ്റുന്നതിന് | 164 | 82 | 35000 | 28.7 |
| 2 | പോളീഹൗസുകളുടെ അറ്റകുറ്റ പണികൾ | 100 | 50 | 35000 | 17.5 |
| 3 | പോളീഹൗസുകളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് | 100 | 50 | 25000 | 12.5 |
| 4 | കൃത്രിമ മാധ്യമം ഉപയോഗിക്കുന്നതിന് | 130 | 65 | 32750 | 21.31 |
| | ആകെ | | | 12,7750 | 80 |

| | | | |
|---|---|---|---|
| സി) | ഹൈടെക് പോളി ഹൗസിന് നല്കി വരുന്ന സബ്സിഡി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ? | സി) | 2012-13 സാമ്പത്തിക വർഷം മുതൽ 2014-15 വരെ ആകെ ചെലവിന്റെ 75 ശതമാനമാണ് ധനസഹായമായി നൽകിയിരുന്നത്. എന്നാൽ പുതുക്കിയ മാനദണ്ഡപ്രകാരം ആകെ ചെലവിന്റെ 60 ശതമാനമാണ് ധനസഹായമായി നിശ്ചയിച്ചിട്ടുള്ളത്. |

S. Kn.

**സെക്ഷൻ ഓഫീസർ**